# തലശ്ശേരി അതിരൂപത

## വിശ്വാസപരിശീലന കേന്ദ്രം (ബുള്ളറ്റിൻ ഡിസംബർ 2015)



Ph : 0490 2344430, E-mail : catechesistly@gmail.com


"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു"
(ലൂക്ക 2:52)

### 1. ക്രിസ്മസ് പരീക്ഷ

ക്രിസ്മസ് പരീക്ഷ ഡിസംബർ 20-ാം തീയതിയാണ്. പരീക്ഷാ ചോദ്യപേപ്പർ 19-ാം തീയതി ഫൊറോനാകേന്ദ്രത്തിൽനിന്ന് എടുക്കാവുന്നതാണ്. **പരീക്ഷയുടെ സമയം രാവിലെ 11.30 മുതൽ 1.30 വരെ. സമയത്തിൽ മാറ്റം വരുത്താൻ പാടില്ല. 20-ാം തീയതി ഞായറാഴ്ച്ചത്തെ കുട്ടികൾക്ക് വേണ്ടിയുള്ള കുർബാന പരീക്ഷാസമയം അനുസരിച്ച് നേരത്തേ പറഞ്ഞ് ക്രമീകരിക്കേണ്ടതാണ്.** പരീക്ഷയ്ക്ക് 70 മാർക്കിന്റെ ചോദ്യങ്ങളും 30 മാർക്കിന്റെ ആഭ്യന്തരമൂല്യനിർണ്ണയവുമാണുള്ളത്. കൂടുതൽ വിവരങ്ങൾക്കായി ഈ വർഷത്തെ പുതിയ ഹാൻഡ് ബുക്കോ പ്രോഗ്രസ് കാർഡോ കാണുക.

പരീക്ഷയ്ക്ക് ഒരുങ്ങേണ്ട ഭാഗങ്ങൾ താഴെക്കൊടുക്കുന്നു.

| | | |
|---|---|---|
| ക്ലാസ് I, II | പാഠപുസ്തകം | 6-11 വരെയുള്ള അദ്ധ്യായങ്ങൾ<br>ഉപപാഠപുസ്തകം 4-5 അദ്ധ്യായങ്ങൾ |
| ക്ലാസ് III | പാഠപുസ്തകം | 6-11വരെയുള്ള അദ്ധ്യായങ്ങൾ<br>ഉപപാഠപുസ്തകം 5-8 അദ്ധ്യായങ്ങൾ |
| ക്ലാസ് IV-VII | പാഠപുസ്തകം | 6-11 വരെയുള്ള അദ്ധ്യായങ്ങൾ<br>ഉപപാഠപുസ്തകം 3-4 അദ്ധ്യായങ്ങൾ |
| ക്ലാസ് VIII | പാഠപുസ്തകം | 6-11 വരെയുള്ള അദ്ധ്യായങ്ങൾ<br>ഉപപാഠപുസ്തകം 6-10 അദ്ധ്യായങ്ങൾ |
| ക്ലാസ് IX | പാഠപുസ്തകം | 6-11 വരെയുള്ള അദ്ധ്യായങ്ങൾ<br>ഉപപാഠപുസ്തകം 3-4 അദ്ധ്യായങ്ങൾ |
| ക്ലാസ് X | പാഠപുസ്തകം | 7-12 വരെയുള്ള അദ്ധ്യായങ്ങൾ<br>ഉപപാഠപുസ്തകം ഭാഗം 2: 3-5 അദ്ധ്യായങ്ങൾ |
| ക്ലാസ് XI | പാഠപുസ്തകം | 6-10 വരെയുള്ള അദ്ധ്യായങ്ങൾ<br>ഉപപാഠപുസ്തകം 7-12 അദ്ധ്യായങ്ങൾ |
| ക്ലാസ് XII | പാഠപുസ്തകം | 6-10 വരെയുള്ള അദ്ധ്യായങ്ങൾ |

NB: ഏതെങ്കിലും കാരണത്താൽ പരീക്ഷ (ഓണം, ക്രിസ്മസ്, ഈസ്റ്റർ) എഴുതാൻ സാധിക്കാത്തവർക്ക് പിന്നീട് പ്രൈവറ്റായി ക്ലാസ് ടീച്ചർ പരീക്ഷ നടത്തേണ്ടതാണ്.

### 2. ജനറൽ / മോഡൽ ചോദ്യങ്ങൾ

ക്രിസ്മസ് പരീക്ഷയുടെ മോഡൽ ചോദ്യങ്ങളും ഇരുപത് ജനറൽ ചോദ്യങ്ങളും വെബ്സൈറ്റിൽ നവംബർ മാസം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജനറൽ ചോദ്യങ്ങളിൽനിന്ന് 5 മാർക്കിന്റെ ചോദ്യങ്ങൾ 4-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ഉണ്ടായിരിക്കും. അധ്യാപകർ വെബ്സൈറ്റിൽനിന്ന് ജനറൽ ചോദ്യങ്ങളെടുത്ത് കുട്ടികൾക്ക് നല്കി അവരെ ഒരുക്കണ്ടതാണ്.

### 3. XII-ാം ക്ലാസ്സ് ഡിപ്ലോമ ഇംപ്രൂവ്മെന്റ്

XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയിൽ തോറ്റവർക്ക് 2016 ജനുവരി 26-ന് നടത്തുന്ന പരീക്ഷയ്ക്ക് പേര് രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതാവുന്നതാണ്. സൺഡേ സ്കൂൾ ലെറ്റർപാഡിൽ കുട്ടിയുടെ പേരും വീട്ടുപേരും, പരീക്ഷ എഴുതിയ വർഷം, കഴിഞ്ഞ പരീക്ഷയ്ക്ക് കിട്ടിയ മാർക്കുകൾ, രജിസ്റ്റർ നമ്പർ എന്നിവ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി ഓഫീസിലേയ്ക്ക് അയ്ക്കേണ്ടതാണ്. കൂടാതെ ഈ വർഷത്തെ റെഗുലർകുട്ടികളുടെ രജിസ്റ്റർ നമ്പറിനു താഴെ രണ്ട് കോളം വിട്ടതിനുശേഷം ഇംപ്രൂവ്മെന്റ് നടത്തുന്ന കുട്ടികളുടെ പേര് ചേർക്കുകയും റിമാർക്ക് കോളത്തിൽ ഇംപ്രൂവ്മെന്റ് എന്ന് എഴുതുകയും ചെയ്യണം. ഈ കാര്യം പള്ളിയിൽ നേരത്തെ അറിയിച്ച് രജിസ്ട്രേഷന് വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. ഇനിയും ഡിപ്ലോമ പരീക്ഷ ഫോം തരാത്ത ഇടവകകൾ എത്രയും പെട്ടന്ന് ഓഫീസിൽ എത്തിക്കേണ്ടതാണ്.

### 4. ഡിപ്ലോമ : നോൺ റെഗുലർ സ്റ്റുഡന്റ്സ്

വേദപാഠ പഠനം പൂർത്തിയാക്കാതെ ഉന്നത പഠനത്തിനായി ഇടവകയ്ക്ക് പുറത്ത് പഠിക്കുന്ന കുട്ടികൾ, അവർ ആയിരിക്കുന്ന ഇടവകയിൽ നിന്ന് വേദപാഠ പഠനം പൂർത്തിയാക്കി എന്ന് സാക്ഷ്യപ്പെടുത്തുന്ന വികാരിയച്ചന്റെയോ ഹെഡ്മാസ്റ്ററിന്റെയോ കത്ത് ഹാജരാക്കിയാൽ അവരെ പരീക്ഷ എഴുതിപ്പിക്കേണ്ടതാണ്. ഈ കാര്യത്തെകുറിച്ച് ബഹു. വികാരിയച്ചന്മാർ പൊതുവായ നിർദ്ദേശം പള്ളിയിൽ കൊടുക്കുമല്ലോ. ഇപ്രകാരമുള്ള കുട്ടികളുടെ പേരുവിവരങ്ങൾ റെഗുലർ കുട്ടികളോടൊപ്പം ഡിപ്ലോമ രജിസ്ട്രേഷൻ ഫോമിൽ ചേർക്കേണ്ടതാണ്. അവരും അസൈൻമെന്റ് എഴുതേണ്ടതാണ്.

## 5. സീറോ മലബാർ മിഷൻ ഞായർ

സീറോമലബാർ സഭയുടെ മിഷൻ ഞായറായ ജനുവരി 10-ാം തീയതി എല്ലാ സൺഡേസ്കൂളിലും മിഷൻദിനമായിട്ട് ആചരിക്കേണ്ടതാണ്.

## 6. വിശ്വാസോത്സവം 2016

ഈ അദ്ധ്യയനവർഷത്തെ വിശ്വാസോത്സവത്തിന് ആവശ്യമായ വർക്ക് ബുക്കുകളുടെ ഓർഡർ ഫോം ക്രിസ്മസ് പരീക്ഷാ ചോദ്യപേപ്പറിനോടൊപ്പം അയക്കുന്നു. കൂടാതെ ഓർഡർ ഫോം വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. കൃത്യമായ എണ്ണം ഓർഡർഫോമിൽ ചേർത്ത് ജനുവരി 15 ന് മുമ്പ് ഓഫീസിലേക്ക് അയക്കേണ്ടതാണ്.

## 7. ആസ്പെക്ട് പ്രബന്ധം/ പരീക്ഷ

അധ്യാപകരുടെ പഠനഭാഗമായി നിശ്ചയിച്ചിരുന്ന ആസ്പെക്ട് പരീക്ഷ ഫെബ്രുവരി 28 ഞായറാഴ്ച്ച ഉച്ചക്ക് 2.30 മുതൽ 4.30 വരെയായിരിക്കും. പരീക്ഷയെഴുതുന്നവരുടെ എണ്ണം വിശ്വാസോത്സവ ഓർഡർ ഫോമിൽ പൂരിപ്പിച്ച് അയക്കുക. പരീക്ഷയ്ക്ക് ഒരു പേജിൽ ഉത്തരമെഴുതാനുള്ള 5 ചോദ്യങ്ങളും രണ്ടു പേജിൽ ഉത്തരമെഴുതാനുള്ള 3 ചോദ്യങ്ങളുമാണുള്ളത്. പ്രബന്ധമെഴുതുന്നവർ താഴെകൊടുത്തിരിക്കുന്ന വിഷയത്തെക്കുറിച്ച് പത്തുപേജിൽ കുറയാതെ ഉത്തരം എഴുതേണ്ടതാണ്. ല്യൂമെൻ എക്ലേസിയയിൽ ചേരാത്ത അധ്യാപകർ മാത്രമാണ് പ്രവാചകരുടെ പാതയിൽ എന്ന പുസ്തകത്തിൽ നിന്ന് പരീക്ഷയോ പ്രബന്ധമോ എഴുതി സൺഡേസ്കൂൾ ഓഫീസിൽ സമർപ്പിക്കേണ്ടത്. ല്യൂമെൻ എക്ലേസിയയിൽ ചേർന്ന ദൈവശാസ്ത്രകോഴ്സ് പഠിക്കുന്നവർക്കുള്ള പ്രബന്ധ വിഷയം ദൈവശാസ്ത്രക്ലാസിൽ അറിയിക്കുന്നതായിരിക്കും.

### ചോദ്യങ്ങൾ

1. രാജാക്കന്മാരുടെ ഒന്നാം പുസ്തകം 22-ാം അധ്യായത്തിൽ വ്യക്തമാക്കുന്ന പ്രവാചകന്റെ ചിത്രമെന്ത്?
2. പ്രവാചകനെന്ന നാമം വിശദീകരിക്കുക?
3. പഞ്ചഗ്രന്ഥിയുടെ ദർശനമനുസരിച്ച് ആരാണ് ഒരു പ്രവാചകൻ?
4. പ്രവാചകൻ ഒരു മദ്ധ്യസ്ഥനാണ്. എന്തുകൊണ്ട്?
5. രാജാവും പ്രവാചകന്മാരും പുരോഹിതരും തമ്മിലുള്ള ബന്ധമെന്ത്?
6. പ്രവാചകന്റെ വിളിയും ദൗത്യവും വ്യാഖാനിക്കുക?
7. പ്രവാചകന്റെ സന്ദേശം നല്കുന്ന രീതി (ഭാഷ) വിവരിക്കുക?
8. പഞ്ചഗ്രന്ഥിയിലെ പ്രവാചകന്മാരെക്കുറിച്ച് കുറിപ്പെഴുതുക?
9. നാഥാൻ പ്രവാചകനെയും അദ്ദേഹത്തിന്റെ ദൗത്യത്തെയുംകുറിച്ച് വിവരിക്കുക?
10. പ്രവാചകന്മാരെക്കുറിച്ചുള്ള പുതിയ നിയമ കാഴ്ചപ്പാട് എന്ത്?
11. കർത്താവിനു മുമ്പുള്ള പുതിയനിയമ പ്രവാചകന്മാരെക്കുറിച്ച് കുറിപ്പെഴുതുക?
12. വിപ്രവാസകാലപ്രവാചകന്മാരെക്കുറിച്ച് വിവരിക്കുക?
13. ജെറമിയ പ്രവാചകനെക്കുറിച്ച് വിവരിക്കുക?
14. എശയ്യാ പ്രവാചകനും ഏശയ്യായുടെ ഗ്രന്ഥവും. കുറിപ്പെഴുതുക?

### പ്രബന്ധ വിഷയം

1. ഇസ്രായേലിലെ പ്രവാചകപാരമ്പര്യത്തെക്കുറിച്ചും പ്രവാചകന്മാരെക്കുറിച്ചും വിവരിക്കുക.?

## 8. കുട്ടികളുടെ ഫണ്ട്, ചോദ്യപേപ്പർ വില, ബുള്ളറ്റിൻ

2015-2016 വർഷത്തെ കുട്ടികളുടെ ഫണ്ട്, ചോദ്യപേപ്പർ തുക, അതിരൂപതാ ബുള്ളറ്റിൻ എന്നിവയുടെ തുകകൾ നവംബർ 30ന് മുമ്പായി അടച്ചു സഹകരിക്കുമല്ലോ. ഓഫീസിൽ അടയ്ക്കുവാനുള്ള തുകകൾ ബാങ്കുവഴി ട്രാൻസ്ഫർ ചെയ്യാൻ സാധിക്കും. അപ്രകാരം ചെയ്യുന്നവർ പണം അടച്ചതിനുശേഷം ഓഫീസിൽ വിളിച്ച് അറിയിക്കേണ്ടതാണ്. രസീത് അയച്ചുതരുന്നതാണ് (ഫോൺ: 0490 2344430). താഴെ കൊടുത്തിരിക്കുന്ന പുതിയ അക്കൗണ്ടിലേയ്ക്കാണ് തുകകൾ അയക്കേണ്ടത്.

| | |
|---|---|
| A/c Holder | : Department of Catechesis |
| A/c No | : 0078053000073503 |
| IFSC | : SIBL 0000078 |
| Bank | : South Indian Bank, Thalassery |

## 9. വെബ് സൈറ്റ് (catechismthalassery.org)

വിശ്വാസ പരിശീലന ഡിപ്പാർട്ട്മെന്റിന്റെ വെബ് സൈറ്റിൽ മുഴുവൻ അധ്യാപകരുടെയും കുട്ടികളുടെയും വിവരങ്ങളും ഓണപരീക്ഷയുടെയും ക്രിസ്മസ്സ് പരീക്ഷയുടെയും മാർക്കും (out of 100) ചേർക്കേണ്ടതാണ്.

## 10. ഡയറക്ടറച്ചന്റെ സന്ദർശനം

ആനറ, ചെമ്പേരി, ലിസിഗിരി എന്നീ ഇടവകകൾ സന്ദർശിക്കുകയും വി. കുർബാന അർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾ ക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ്സുകളെടുക്കുകയും ചെയ്തു.

ക്രിസ്മസ് നവവത്സരാംശംസകളോടെ

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**
ഡയറക്ടർ